**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർനിർമ്മാണത്തിന് എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സ്മാരകമായ ഫോർട്ട് കൊച്ചി സെന്റ് ഫ്രാൻസിസ് ചർച്ചിന്റെ റെഗുലേറ്റഡ് സോണിൽ ഉൾപ്പെട്ട ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർനിർമിക്കുന്നതിനുള്ള എൻ.ഒ.സിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ? | (എ) | ദേശീയ സ്മാരകമായ ഫോർട്ട് കൊച്ചി സെന്റ് ഫ്രാൻസിസ് ചർച്ചിന്റെ സമീപത്തുള്ള ഫോർട്ട് കൊച്ചി വില്ലേജ് ഓഫീസ് പുനർ നിർമ്മിക്കു ന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി മട്ടാഞ്ചേരി പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ കോംപീറ്റന്റ് അതോറിറ്റി ആയ പുരാവസ്തു വകുപ്പ് ഡയറക്ടർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ സ്ഥല പരിശോധനയും സർവേയും നടത്തിയതിനു ശേഷം ആയത് ന്യൂഡൽഹിയിലുള്ള നാഷണൽ മോണുമെന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ